9.43 AM]

III ശ്രദ്ധ ക്ഷണിക്കൽ

തടയണപ്പാലം പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് സഭയുടെയും വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുടി ഇത് ശ്രദ്ധിക്കണമെന്നും ബഡ്ജറ്റിൽ ഇതുസംബന്ധിച്ച് തീരുമാനമുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്. ഒരുപാട് പുഴകളുള്ള നാടാണ് നമ്മുടേത്. ധാരാളം കടിവെള്ള പദ്ധതികൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രദ്ധാപൂർവ്വം ശ്രമിക്കുന്നുണ്ട്. വകുപ്പുമന്ത്രിയും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ശ്രീ. വി. ജെ. കുര്യനും വാട്ടർ അതോറിറ്റിയുടെ എം.ഡി.-യും ഉൾപ്പെടെയുള്ളവർ കേരളത്തിൽ കടിവെള്ളം ഉറപ്പുവരുത്തുന്നതിനും അതുപോലെ ജലസേചന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും വളരെ ശ്രദ്ധേയമായ നേതൃത്വം കൊടുക്കുന്നതിൽ ഞാൻ ഗവൺമെന്റിനെ അനുമോദിക്കുന്നു. കടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്ന രീതിയിലായിരിക്കണം തടയണകളും മറ്റും നിർമ്മിക്കേണ്ടത്. സമീപ പ്രദേശങ്ങളിലെ എല്ലാ വാട്ടർബോഡീസിലും വെള്ളം ലഭിക്കും, ജലസേചന പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിയും അതുകൊണ്ട് ദയവുചെയ്ത് ഈ ഗവൺമെന്റ് അടുത്ത ബഡ്ജറ്റിൽ ഇക്കാര്യത്തിൽ മുൻഗണന നൽകി കടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിച്ച് ഉപയോഗപ്പെടുത്തണമെന്ന് ഞാൻ ഈ ഗവൺമെന്റിനോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

9.46 AM]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 689 കോടി രൂപ ചെലവിൽ 431 ചെക്ക് ഡാമുകളുടെ പണി പൂർത്തികരിച്ചിട്ടുണ്ട്. അതുപോലെ 108 കോടി രൂപ ചെലവിൽ 190 ചെക്ക് ഡാമുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഉപ്പുവെള്ള നിയന്ത്രണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളെല്ലാം അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. രാജു സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : സബ്മിഷനുകളെല്ലാം റദ്ദ് ചെയ്യുന്നു. സബ്മിഷന്റെ മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് നൽകേണ്ടതാണ്.

IV മേശപ്പുറത്തുവച്ച കടലാസുകൾ

1. ലിസ്റ്റ് I പ്രകാരം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 126/2015/റ്റി.ഡി. തീയതി 16-7-2015 (എസ്.ആർ.ഒ. നമ്പർ 466/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (ആർറ്റി.) നമ്പർ 2900/2015/ഹോം തീയതി 12-10-2015 (എസ്.ആർ.ഒ. നമ്പർ 801/2015)
3. ജി.ഒ. (പി) നമ്പർ 315/2015/ജി.എ.ഡി. തീയതി 7-12-2015 (എസ്.ആർ.ഒ. നമ്പർ 833/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (ആർറ്റി.) നമ്പർ 3237/2015/ഹോം തീയതി 15-12-2015 (എസ്.ആർ.ഒ. നമ്പർ 849/2015)
5. ജി.ഒ. (പി) നമ്പർ 573/2015/ഫിൻ. തീയതി 16-12-2015 (എസ്.ആർ.ഒ. നമ്പർ 850/2015)
6. ജി.ഒ. (എംഎസ്.) നമ്പർ 30/2015/എച്ച്.എസ്.ജി. തീയതി 17-12- 2015 (എസ്.ആർ.ഒ. നമ്പർ 852/2015)
7. ജി.ഒ. (ആർറ്റി.) നമ്പർ 2847/2015/ഹോം തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 860/2015 മുതൽ 864/2015 വരെ)
8. ജി.ഒ. (ആർറ്റി.) നമ്പർ 2854/2015/ഹോം തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 865/2015)
9. ജി.ഒ. (ആർറ്റി.) നമ്പർ 3338/2015/ഹോം തീയതി 29-12-2015 (എസ്.ആർ.ഒ. നമ്പർ 873/2015)

LIBRARY ARCHIVES Kerala Legislative Assembly